

# ഇലകൊഴിയുംമുൻപേ.....

## ഡിജിറ്റൽ മാഗസിൻ

സെൻ്റ് ഫിലോമിനാസ് ജി എച്ച് എസ്, പൂഞ്ഞറ

little KITEs

# സമർപ്പണം

നാനാത്വത്തിൽ ഏകത്വത്തിൽ വിശ്വസിക്കുന്ന ഭാരതീയ ജനതയ്ക്കായി സമർപ്പിക്കുന്നു.....




Asuma ( 9 D)

# Little KITEs

## St Philomena’s G H S, Poonthura

## 2019-2020

# OUR SCHOOL




## *St Philomena's G H S, Poonthura*

# സ്കൂൾ ചരിത്രം

തിരുവനന്തപുരം നഗരത്തിൽനിന്നും 4 കിലോമീറ്റർ മാത്രം അകലെയായി പൂന്തുറ എന്ന കടലോരഗ്രാമത്തിൽ പ്രൗഢിയോടെ ശിരസ്സുയർത്തി നിൽക്കുന്ന പെൺകുട്ടികൾ മാത്രം പഠിക്കുന്ന ഒരു വിദ്യാലയമാണ് സെന്റ് ഫിലോമിനാസ് ഗേൾസ് ഹൈ സ്കൂൾ

"മാതൃ ദേവോഭവ
പിതൃ ദേവോഭവ
ആചാര്യ ദേവോഭവ
അതിഥി ദേവോഭവ "

മാതാവിനെയും പിതാവിനെയും ആചാര്യനെയും അതിഥിയെയും ദേവതുല്യം കരുതണം എന്നാണ് ആർഷ ഭാരത സംസ്കാരം നമ്മെ പഠിപ്പിക്കുന്നത്.എന്നാൽ ആധുനികതയുടെ അതിശീഘ്രമായ ഗതിവേഗത്തിൽപ്പെട്ടു സഞ്ചരിക്കുന്ന നവയുഗം ഈ മര്യാദകളൊക്കെ മറന്നുപോയിരിക്കുന്നു. അനുനിമിഷം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന ആധുനിക തലമുറയ്ക്ക് നന്മയുടെ വിത്ത് പാകുക എന്ന മഹനീയമായ ലക്ഷ്യത്തിന്മേൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് ഒരു വിദ്യാലയത്തിന്റെ അടിസ്ഥാന ധർമ്മമായി മാറിയിരിക്കുന്നു. ഈ ലക്ഷ്യത്തിലൂന്നിക്കൊണ്ടു തന്നെയാണ് അരനൂറ്റാണ്ടിലേറെയായി ഈ വിദ്യാലയം പ്രവർത്തിക്കുന്നത്.

അറിവിന്റെ കോട്ട മെനഞ്ഞു ആയിരങ്ങൾക്ക് ഉൾക്കാഴ്ച പകർന്നുകൊണ്ട് തീരദേശത്തിന്റെ അഭിമാനമായി തിളങ്ങുന്ന ഈ വിദ്യാലയം അറുപതിലേറെ വർഷത്തെ പാരമ്പര്യം പേറുന്നു. തിരുവനന്തപുരം കടലോര മേഖലയിലെ ഏറ്റവും

പിന്നോക്കാവസ്ഥയിലുള്ള ഒരു ഇടവക കേന്ദ്രീകരിച്ചുകൊണ്ട് സാമൂഹ്യ ശുശ്രൂഷ ചെയ്യുവാൻ ഇറങ്ങിപ്പുറപ്പെട്ട കനോഷ്യൻ സന്യാസ സമൂഹത്തിനു തിരുവനന്തപുരം ലത്തീൻ രൂപത ചൂണ്ടിക്കാട്ടിയ സ്ഥലമായിരുന്നു പൂന്തുറ. 1942 ഓഗസ്റ്റ് മാസം മുതൽ ഈ പ്രദേശത്തു സേവനം തുടങ്ങിയ കനോഷ്യൻ സന്യാസിനികൾ സാമ്പത്തികമായും സാംസ്കാരികമായുംവിദ്യാഭ്യാസപരമായും ഏറ്റം ശോചനീയമാം വിധം പിന്നോക്കം നിൽക്കുന്ന ഒരു സമൂഹത്തെയാണ് സ്വീകരിച്ചത്. അക്ഷര ജ്ഞാനം തീരെ ഇല്ലാതിരുന്ന സമൂഹത്തിന്റെ ഉന്നമനത്തിനായി ഒരു വിദ്യാലയം നിർമ്മിക്കേണ്ടത് ആവശ്യമായി കണ്ടു. 1944 മുതൽ തന്നെ ഒരു ചെറിയ ഷെഡിൽ കുട്ടികളെ ഇരുത്തി സന്യാസിനിമാർ പ്രാഥമിക വിദ്യാഭ്യാസം നൽകിത്തുടങ്ങി. പൂന്തുറയുടെ ആത്മീയവും സാംസ്കാരീകവും വൈജ്ഞാനികവുമായ സമസ്തമേഖലകളിലും തങ്ങളുടെ സേവനം കാഴ്ച്ച വയ്ക്കാൻ കനോഷ്യൻ സന്യാസിനികൾക്ക് സാധിച്ചു. ക്രമേണയുള്ള വളർച്ചയുടെഫലമായി 1952-ഇൽ സെന്റ് ഫിലോമിനാസ് എൽ പി സ്കൂൾ സ്ഥാപിതമായി. സിസ്റ്റർ പി ജെ അന്നാമ്മ ആയിരുന്നു ആദ്യത്തെ പ്രഥമാധ്യാപിക. മത്സ്യത്തൊഴിലാളിയായ ബ്രിജിത്താപിള്ളയുടെ മകൾ അഞ്ചു വയസുകാരി സലെത്തു മേരി ആയിരുന്നു ആദ്യത്തെ വിദ്യാർത്ഥിനി. 46 കുട്ടികളുമായി ഒന്നാംക്ലാസ്സുകാർക്കായി ആരംഭിച്ച സ്കൂളിൽ ഓരോവർഷവും ഓരോ ക്ലാസ്സ് കൂടെ ആരംഭിച്ചു പോരുകയായിരുന്നു. 1962 -ൽ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തി. സ്ക്കൂളിന്റെ ആദ്യകാലങ്ങളിൽ ആൺകുട്ടികളും ഇവിടെ പഠിച്ചിരുന്നു. ക്രമേണ സ്ത്രീവിദ്യാഭ്യാസത്തിനു പ്രത്യേകമായ രീതിയിൽ ഊന്നൽകൊടുക്കണം എന്ന ആശയം ഉറച്ചതിനാൽ പെൺകുട്ടികൾക്കുമാത്രമായി സ്കൂൾമാറി. പ്രൈമറി പഠനം കഴിഞ്ഞു തുടർവിദ്യാഭ്യാസ സൗകര്യമില്ലാത്തതിനാൽ ഭൂരിഭാഗവും അതോടെ പഠനം നിർത്തിയിരുന്നു. ഇത് വലിയ സമൂഹത്തിന്റെ ഉന്നമനത്തിനു തടസ്സമായ പ്രധാന കാരണമായി കണ്ടെത്തി

സ്കൂൾ അപ്ഗ്രേഡ് ചെയ്യാനായി സന്യാസിനി സമൂഹം ശ്രമിച്ചതിന്റെ ഫലമായി 1966 -ൽ ഈ സ്ഥാപനം ഹൈ സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. 1999 മുതലാണ് സ്കൂളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിച്ചത്. 46 കുട്ടികളും ഒരു അധ്യാപികയുമായി ആരംഭിച്ച വിദ്യാലയം പടിപടിയായി ഉയർന്ന് ഇന്ന് 2500 കുട്ടികളും 56 അധ്യാപകരുമുള്ള ഒരു വിദ്യാലയമായി ഉയർന്നിരിക്കുന്നു. ഒരു പെൺകുട്ടിക്ക് ലഭിക്കുന്ന വിദ്യാഭ്യാസത്തിലൂടെ ഒരു കുടുംബത്തിന്റെയും അതുവഴി സമൂഹത്തിന്റെയും വളർച്ചയ്ക്ക് എന്ന ലക്ഷ്യം മുന്നിൽക്കണ്ട കാനോസയിലെ വിശുദ്ധ മാഗ്ദലിന്റെ സന്ദേശം ലോകം മുഴുവൻ പകർന്നുകൊണ്ട് ഈ വിദ്യാലയം ഈ നാടിന്റെയും തീരദേശത്തിന്റെയും അഭിമാനമായി നിലകൊള്ളുന്നു. നഗരത്തിന്റെ പ്രാന്തപ്രദേശത്തു, നാഗരികതയുടെ അനുഭവങ്ങൾ ഒന്നും അറിയാതെയും ഒരു പരിധിവരെ ഒന്നും മോഹിക്കാതെയും വിദ്യാഭ്യാസപരമായും സാമ്പത്തികമായും പുറംതള്ളപ്പെട്ടുകഴിഞ്ഞ മൽസ്യത്തൊഴിലാളികളായ ഒരു വലിയ സമൂഹവും, പെൺകുട്ടികളെ വിദ്യാലയത്തിലേക്ക് അയക്കാൻ മടിച്ചുനിന്നിരുന്ന മുസ്ലിം സമൂഹവും ഉൾക്കൊള്ളുന്ന ഈ പ്രദേശത്തു കനോഷ്യൻ സിസ്റ്റേഴ്സ് തുടങ്ങിവച്ച വിദ്യാഭ്യാസ പ്രവർത്തനം ഇന്ന് അറുപതുവർഷം പിന്നിട്ടപ്പോൾ അത് ഈ സ്ഥാപനത്തിന്റെ വളർച്ചക്കൊപ്പം ഈ സമൂഹത്തിന്റെ മുഴുവൻ വിദ്യാഭ്യാസപരവും, സാമൂഹ്യവും, സാമ്പത്തികവും, സാംസ്കാരികവുമായ പുരോഗതിയുടെ പ്രതീകമായി മാറിയിരിക്കുന്നു എന്നത് തർക്കമറ്റ വസ്തുതയാണ്. ഈ വളർച്ചയുടെ ദാതാവും ശക്തിയുമായ ദൈവത്തിന്റെ തിരുസന്നിധിയിൽ ഈ സ്ഥാപനത്തിലെ ഓരോ അംഗവും ശിരസ്സുനമിക്കുന്നു .

# Our Headmistress



**Sr. JIJI ALEXANDER**

# LITTLE KITEs 2019 - 2021



# Editorial Members



# Magazine Designers



# സബ് ജില്ലാ
# ക്യാമ്പിൽ പങ്കെടുത്തവർ



# ജില്ലാ ക്യാമ്പിൽ പങ്കെടുക്കാൻ തെരഞ്ഞെടുക്കപ്പെട്ടവർ



# ആമുഖം

ക്ലാസ്സ് മുറികളിൽ വിരിഞ്ഞ ബാല ഭാവനകളെ വരികളും, വരികളുമായി ഈ താളുകളിൽ അനാവരണം ചെയ്യുന്നു. പ്രകൃതി മാതാവിനെ കുറിച്ചുള്ള പലവിധ സൃഷ്ടികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രകൃതി നമ്മുടെ അമ്മയാണ് , ആ അമ്മയെ സംരക്ഷിക്കേണ്ടത് മക്കളായ നമ്മുടെ ഉത്തരവാദിത്തമാണ്. ഭൂമിയിലെ ജീവജാലങ്ങൾക്കുവേണ്ടി ഓരോരോ ദിവസവും പുതുമകൾ കൊണ്ട് പ്രകൃതി മനോഹരിയാകുന്നു. എന്നാൽ ഈ ആധുനിക യുഗത്തിലെ ജനങ്ങൾ അവരുടെ സ്വാർത്ഥത കാരണം പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. എല്ലാം വെട്ടിപ്പിടിക്കണമെന്ന അവന്റെ ചിന്ത കാരണം പ്രകൃതി മരിച്ചുകൊണ്ടിരിക്കുകയാണ്. പ്രകൃതി സൗന്ദര്യപൂർണ്ണമാക്കേണ്ടത് അടുത്തനൂറ്റാണ്ടിലെ നിലനിൽപ്പിന് ആവശ്യമാണ് അതിനായി നമുക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കാം. അതിനാൽ ഈ എളിയ സൃഷ്ടി ജനങ്ങളിൽ പ്രകൃതി സ്നേഹം വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് സുമനസ്സുകൾക്കുമുന്നിൽ ഇത് സാദരം സമർപ്പിക്കുന്നു.

# എഡിറ്റോറിയൽ

ഋതുഭേദങ്ങളുടെ നിലയ്ക്കാത്ത
പ്രവാഹമായി കാലം  കടന്നുപോകുന്നു
സൂര്യതാപം എല്ലാ ആർദ്രതയേയും
നക്കിത്തുടയ്ക്കുന്നു
ഭക്ഷ്യ സമൃദ്ധിയും പൊതുജനാരോഗ്യവും
പഴങ്കഥയാകുന്നു
തിരിമുറിയാതെ പെയ്യുന്ന തിരുവാതിരയും
കുംഭ മഴയും പുതു തലമുറയറിയണം
മണ്ണും  മനുഷ്യനും സഹജീവികളും
തമ്മിലുള്ള ബന്ധം ഊഷ്മളമാകണം
ആവലാതികളില്ലാത്ത ബാല്യത്തിന്റെ
വളപ്പൊട്ടുകൾ നിറയട്ടെ
എന്ന്  ഇനിയും
മണ്ണടരുകളെ തള്ളിനീക്കി
ഓണപ്പൂക്കൾ വരുമെന്ന കാത്തിരിപ്പോടെ
പ്രത്യാശയോടെ ......
പ്രത്യാശയോടെ .........
ഇലകൊഴിയും മുൻപേ .......



# ആശംസ

പൂക്കൾക്ക് ചുറ്റുമുള്ള നിശബ്ദതയാണ് ഇലകൾ എന്ന ടാഗോറിന്റെ വെളിപ്പെടുത്തൽ അവഗണിക്കപ്പെടുന്ന ജൈവിക യാഥാർഥ്യത്തിന്റെ പരിച്ഛേദമാണ്. പൂക്കളെ പൂക്കളായി മാറ്റിയെടുക്കുന്നതിനു പിന്നിൽ അനേകം പ്രക്രിയകൾ ഉണ്ട് . ഓരോ പൂക്കളും വരാനിരിക്കുന്ന വസന്തത്തിന്റെ സൂചനയാണ്. എല്ലാ പൂക്കളുടെയും തൊട്ടടുത്ത് ഇലയുടെ നിശ്ശബ്ദതയുണ്ട്, തണ്ടുകളുടെ ദീർഘ നിശ്വാസമുണ്ട്. മണ്ണിൽ ആഴ്ന്നിറങ്ങിയ അസ്തിത്വ വേരുകളുടെ ശാന്തതയുണ്ട്. അതറിയാൻ, അതിനെ തിരിച്ചറിയാൻ കാലമിനിയുമുണ്ട്. പ്രതീക്ഷ മുറ്റിയ തലമുറയുമുണ്ട്. അവർക്കായി കാത്തിരിപ്പോടെ .............

ആശംസകളോടെ ................

ഇലകൊഴിയും മുൻപേ ...............



# ഉള്ളടക്കം


1. പ്രകൃതി അമ്മയാണ്
2. പ്രകൃതി സൗന്ദര്യം
3. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഒരു സാമൂഹിക വിപത്ത്
4. പ്രകൃതിയുടെ പ്രാധാന്യം
5. പ്രകൃതി
6. പ്രകൃതിയാകുന്ന അമ്മ
7. പ്രകൃതിയെ സ്നേഹിക്കുക സംരക്ഷിക്കുക
8. കരുതൽ
9. നീ തേടുവതെന്തിനെ!
10. സുന്ദരം സുന്ദരം എത്ര സുന്ദരം
11. പ്രകൃതിയാംബ
12. പ്രകൃതി സംരക്ഷണം ഉദ്ധരണികൾ
13. പ്രകൃതിയുടെ നിലവിളി
14. കടങ്കഥകൾ
15. പ്രശ്നോത്തരി
16. പ്രകൃതിയെസംരക്ഷിക്കാൻ ചെയ്യാവുന്ന കാര്യങ്ങൾ

17. Slogan

18. Charming Nature

19. Mr Pond

20. Mother nature needs us

21. Earth


22. Puzzles

23. Our Nature

24. जल

25. पोस्टर


26. प्रकृति : जीवन का आधार



# പ്രകൃതി അമ്മയാണ്

പ്രകൃതി അമ്മയാണ്. ആ അമ്മയുടെ മക്കളാണ് നാം ഒരോരുത്തരും. അതെ, നമ്മൾ പ്രകൃതിയുടെ മക്കളാണ്. ആ അമ്മയെ സ്നേഹിക്കാനും പരിചരിക്കാനും നമുക്ക് സാധിക്കണം. നമുക്ക് ദുഖം ഉണ്ടാവും, അപ്പോൾ ആ അമ്മയോട് ദുഖങ്ങൾ പറയാനും, ഇറങ്ങി ചെല്ലാനും നമ്മെക്കൊണ്ട് സാധിക്കും. അമ്മയെ സ്നേഹിക്കാൻ നമ്മെക്കൊണ്ട് സാധിക്കണം. നമ്മുടെ പ്രകൃതി ഇന്ന് ഒട്ടാകെ മാറിയിരിക്കുകയാണ്. മനുഷ്യൻ പ്രകൃതിയോട് കാണിക്കുന്ന ക്രൂരതകൾക്ക് ഇന്നും അവസാനമില്ല. മനുഷ്യന്റെ ദുഷ്ട വികാരങ്ങൾ ഇന്നും വർധിക്കുന്നു. മനുഷ്യൻ അവന്റെ ജീവിതത്തിൽ കൂടുതൽ സുഖം അനുഭവിക്കുന്നതിനായി പ്രകൃതിയാകുന്ന തന്റെ അമ്മയെ കൊല്ലാൻ പോലും മടിക്കുന്നില്ല. ഇതിനു പിന്നിലെ ദുരന്തങ്ങൾ നാം മറന്നു പോകരുത്. ദുഖങ്ങൾക്ക് അവസാനം അമ്മയുടെ ലാളനമാണ്. നമുക്ക് ദുഖങ്ങൾ ഉണ്ടാകും അപ്പോൾ അമ്മയുടെ സ്നേഹം നമുക്ക് തൃപ്തി നൽകും. ദുഖങ്ങളിൽ നിന്നും വിമുക്തമാക്കാൻ പ്രകൃതി സൗന്ദര്യത്തിന് കഴിയുന്നു. നമ്മളിൽ ഏറ്റവും കൂടുതൽ സന്തോഷമുളവാക്കുന്ന വസ്തുക്കൾ അടങ്ങിയ പ്രകൃതിയാകുന്ന അമ്മയെ സ്നേഹിക്കാനും, അടുത്തറിയാനും നമ്മെ കൊണ്ട് സാധിക്കണം. പ്രകൃതിയുടെ വില മനസിലാക്കാതെ പോകരുത്. അമ്മയില്ലാതെ കുഞ്ഞിനു നിലനിൽക്കാൻ സാധിക്കുക അസാധ്യമാണ്.

*Safa A (9 B)*



# പ്രകൃതി സൗന്ദര്യം

പ്രകൃതി സൗന്ദര്യം നഷ്ടപ്പെടുത്താതിരിക്കുക.പ്രകൃതിയും ഒരു അമ്മയാണ് .” ആ അമ്മയുടെ മക്കളാണ് മരവും മേഘവും കായലും ഓരോ വസ്തുക്കളും. മരം നമുക്കൊരു തണലാണ്.വെയിലിൽ ഒരു കൊച്ചുകുളിർക്കാറ്റു പോലെയും, തണലു പോലെയും, കൂടെ നിൽക്കുന്ന സൗന്ദര്യമുള്ള അമ്മ. പ്രകൃതി എന്ന അമ്മയ്ക്ക് പുഞ്ചിരി നൽകുക.

*Clara (9 D)*



# പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഒരു സാമൂഹിക വിപത്ത്

ജീവിതം സുഖപൂർണ്ണമാക്കാനുള്ള മനുഷ്യന്റെ അന്വേഷണം സംഭാവന ചെയ്ത ഒരു വസ്തുവാണ് പ്ലാസ്റ്റിക്ക്. കൊണ്ട് നടക്കാനും സൂക്ഷിച്ച് വെക്കാനും കയ്യാറ്റം ചെയ്യാനും മനുഷ്യനെ ഏറെസഹായിച്ച പ്ലാസ്റ്റിക്ക് ഇന്ന് ഭൂമിയുടെ കാലനാണ് . ഏതൊരു വസ്തുവും നശിക്കുകയൊ മാറ്റത്തിന് വിധേയമാവുകയൊ ചെയ്തില്ലെങ്കിൽ അതു ഭൂമിക്ക് ഭാരമാകും . മണ്ണിനു താങ്ങാനാവാത്ത വിധം ഭീകരനാണ് പ്ലാസ്റ്റിക്കിന്റെ സാന്നിധ്യം. പ്ലാസ്റ്റിക്കിന്റെ ഏറ്റവും വലിയ സവിശേഷത ഭാരക്കുറവാണ്. പ്ലാസ്റ്റിക്കിന് ജൈവിഘടനം സംഭവിക്കാത്തതിനാൽ ഏറെനാൾ നിലനിൽക്കും .നനയാത്തതും എളുപ്പത്തിൽ വൃത്തിയാക്കാൻ കഴിയുന്നതുമാണ് പ്ലാസ്റ്റിക്ക്. പ്ലാസ്റ്റിക്കും ഇന്നൊരു പാരിസ്ഥിക പ്രശ്നമാണ്. പ്ലാസ്റ്റിക്കിനെ ശരിയായ നിലയിൽ നിർമാർജനം ചെയ്യലാണ് ശരിയായ മാർഗം.

*Geethu (9 C)*




# പ്രകൃതിയുടെ പ്രാധാന്യം

ലഘു പ്രസംഗം

മാന്യസദസ്സിന് എന്റെ വിനീതമായ കൂപ്പുകൈ, ഞാനിന്നിവിടെ നിൽക്കുന്നത് പ്രകൃതിയുടെ പ്രാധാന്യത്തെ കുറിച്ച് സംസാരിക്കാനാണ്. പ്രകൃതിയെന്ന് പറഞ്ഞാൽ എല്ലാവരുടെയും മനസ്സിൽ വരുന്നത് പച്ചപ്പ് നിറഞ്ഞ ദൃശ്യമാണ്. പക്ഷേ ഇപ്പോൾ അതൊന്നും കാണാനില്ല. പ്രകൃതി അടുത്തറിയുന്നവർക്കു മാത്രമേ പ്രകൃതി ഭംഗി മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. മരം നമ്മുടെ ജീവിതത്തിൽ ഒത്തിരി പ്രാധാന്യം ഉള്ളതാണ്. അതു മനസ്സിലാക്കാതെ പലരും മരത്തെ വെട്ടുകയാണു ചെയ്യുന്നത്. മലകൾ നിരത്തുകയാണ്. വലിയ വീടുകൾ നിർമ്മിക്കുകയാണ്. അത് അവർക്ക് തന്നെ ദോഷം ചെയ്യുമെന്ന് അവർ മനസ്സിലാക്കുന്നില്ല. വളരെ വൈകിയാണ് പലരും പലതും മനസ്സിലാക്കുന്നത്. ആ അവസ്ഥ നമുക്കാർക്കും വരരുതെന്ന് പ്രാർത്ഥിച്ചു കൊണ്ട് ഞാൻ നിർത്തുന്നു.

നമസ്കാരം


*Fathima Afna (9 D)*



# പ്രകൃതി

പ്രകൃതിയെ നാം സ്നേഹിക്കുക . ജീവനാണ് പ്രകൃതി.നാം എല്ലാവരും പ്രകൃതിയോടിണങ്ങിയാണ് ജീവിക്കുന്നത്. പ്രകൃതിയിലെ ജീവജാലങ്ങളെയും സസ്യങ്ങളെയും വിവിധ തരത്തിലുള്ള മരങ്ങളെയും കാണാൻ അതിമനോഹരമാണ്. ആകാശം തലയിലേന്തി പുഴകളും നദികളും കടന്നു പോകുന്നു. നിലാവ് കാണാൻ എന്തൊരു ഭംഗി. പാട്ടുകൾ പാടി പാറി പറന്നു കളിക്കുന്ന കിളികൾ, കൃഷി ചെയ്യുന്ന കർഷകർ, ഇതെല്ലാം കാണാൻ മനസ്സ് തുടിക്കുന്നു.പ്രകൃതിയെ നാം ഒരിക്കലും കൈവിടരുത്. കാരണം അതില്ലാതെ നമുക്ക് ജീവിക്കാൻ കഴിയില്ല. നമ്മുടെ ഉറ്റ സുഹൃത്താണ് പ്രകൃതി, അത് ആവശ്യത്തിന് ഉപയോഗിക്കാൻ ഉള്ളതാണ്. പ്രകൃതി സൗന്ദര്യം ആസ്വദിക്കാനും ഉപയോഗ പ്രദമാക്കാനുള്ളതാണ്. മഴത്തുള്ളികൾ കെട്ടികിടന്നു പുഴപോലെ ഒഴുകികൊണ്ടിരിക്കിമ്പോൾ തോണിയുണ്ടാക്കി ഒഴുക്കി വിടുന്ന കൊച്ചു കുട്ടികൾ, ഇതെല്ലാം കൊണ്ട് അതിസുന്ദരമായ ഒന്നാണ് നമ്മുടെ പ്രകൃതി.

*Shahala S (9C)*



# പ്രകൃതിയാകുന്ന അമ്മ


പ്രകൃതി നമ്മുടെ അമ്മയാണ്. പ്രകൃതി ദൈവത്തിന്റെ വരദാനമാണ്. അതുകൊണ്ട് പ്രകൃതിയിലെ എല്ലാ വസ്തുക്കളെയും പരിപാലിക്കുക.നമ്മൾ കഴിവതും ചെടികളെ വളർത്തുകയും ചെയ്യണം. പണ്ടൊക്കെ പ്രകൃതിയിൽ മരങ്ങളും മലകളും കുന്നുകളും ധാരാളം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് മനുഷ്യരുടെ ക്രൂരത കാരണം, മരങ്ങളെ വെട്ടിനശിപ്പിക്കുകയും മലകളെയും കുന്നുകളെയും ഇടിച്ചുനിരത്തി വലിയ വലിയ ഫ്ലാറ്റുകളും ഹോട്ടലുകളും വെക്കുന്നു. അതിൽ നിന്നും തള്ളുന്ന മാലിന്യങ്ങൾ പുഴകളെയെല്ലാം നശിപ്പിക്കുന്നു . അതിനാൾ പലതരത്തിലുള്ള അസുഖങ്ങൾ വരാൻ ഇത് കാരണമാകുന്നു. ദൈവം നമുക്കായി തന്ന സമ്മാനമാണ് പ്രകൃതിയാകുന്ന അമ്മ .അതിനാൽ നമ്മൾ അതിനെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

*Shalu S (9 C)*

# പ്രകൃതിയെ സ്നേഹിക്കുക സംരക്ഷിക്കുക

പ്രകൃതിയിൽ ധാരാളം ചെടികളുണ്ട്.അവയെ കാണാൻ അതിമനോഹരമാണ്. അവയെ നശിപ്പിക്കാൻ പാടില്ല.പ്രകൃതിയില്ലാത്തൊരു ജീവിതത്തെക്കുറിച്ച് ചിന്തിക്കാൻ തന്നെ പ്രയാസമാണ്. ഒരിടത്ത് ഒരു സുന്ദരമായ ഗ്രാമമുണ്ടായിരുന്നു. ആ ഗ്രാമവാസികൾ വളരെയധികം സന്തോഷഭരിതരായിരുന്നു.ചെടികളും വൃക്ഷങ്ങളും കൊണ്ട് സമ്പന്നമായിരുന്നു അവിടം. പെട്ടെന്നൊരുനാൾ അവർ ഒരു വാർത്തയറിഞ്ഞു. ആ ഗ്രാമം ഒരു നഗരമാക്കുന്നുവെന്ന്.അവർ വളരെയധികം ദുഃഖത്തിലായി.ഗ്രാമം വർഷങ്ങൾ കഴിഞ്ഞപ്പോൾ നഗരമായി മാറി.അവിടെ താമസിച്ചിരുന്നവർക്ക് ആസുഖങ്ങളുണ്ടായി. മഴയില്ലാതെ അവിടെ ജലക്ഷാമമുണ്ടായി.നഗരവാസികൾ ആകെ ആശയക്കുഴപ്പത്തിലായി. ഇത് ഗ്രാമവാസികൾ അറിയുകയും നഗരവാസികൾക്ക് ധാന്യമണികൾ നൽകുകയും നഗരവാസികൾ അത് നട്ടുവളർത്തുകയും ചെയ്തു.അങ്ങനെ ചെടികൾ പടർന്നു പന്തലിച്ചു.അവർ ആനന്ദത്തിൽ കളിയാടി.വീണ്ടും മഴ പെയ്തു.

## കരുതൽ





ചില വിത്തുകൾ മുളയ്ക്കാൻ
മണ്ണിൻെറ ആശ്രയം മാത്രം പോരാ
കണ്ണീര് കവിഞ്ഞിറങ്ങിയ നനവും
സ്വപ്നങ്ങളുടെ  ഗന്ധവും വേണം
ചില സ്വപ്നങ്ങൾ അരങ്ങാവാൻ
അധ്വാനം മാത്രം പോരാ
അരികെ ഇത്തിരി ചൂടും
നിറഞ്ഞ ആലിംഗനവും വേണം
ചില പൂവുകൾ വിടരാൻ
മണ്ണിന്റെ വളക്കൂറ് മാത്രം പോരാ
കിളികളും ഉണർത്തു പാട്ടും
ഇളം തെന്നലിന്റെ തലോടലും വേണം
ചില വരികൾ ഗീതങ്ങളാകാൻ
ഈണവും താളവും മാത്രം പോരാ
ജീവന്റെ താളവും തകർച്ചയും
ജീവിതത്തിന്റെ നേരൊച്ചയും വേണം

Sobhiya S ( 9 C)

# നീ തേടുവതെന്തിനെ!

നീ എന്നിൽ നിന്ന് അകലേയ്ക്ക്-
ഏതോ തീരം തേടി.
നീയും ഞാനും കയ്യെത്താ ദൂരത്ത്,
ഞാൻ നിന്നിലെ ഭംഗി തേടി
എന്നാൽ മുഴുവനായെനിക്ക്
കാണാൻ സാധിക്കുന്നില്ല.
ഞാൻ ഓരോ പരിശ്രമം ചെയ്യുമ്പോഴും
നിൻ മുമ്പിൽ തോൽക്കുകയാണ്
എന്നാൽ എന്റെ അന്ത്യം വരെ
ഞാൻ ശ്രമിക്കും.
ഞാൻ തോറ്റുകൊടുക്കില്ല


Fathima Jawahar (9C)



# സുന്ദരം സുന്ദരം എത്ര സുന്ദരം

സുന്ദരം സുന്ദരം
അതിമനോഹരം പ്രകൃതി അതി മനോ
ഹരം  എത്ര സുന്ദരം
എന്നും രാവിലെ എത്തും
സൂര്യൻ മാമൻ പൂവിനെ വിരിയിക്കും
മുല്ലമൊട്ടുകൾ വിരിയിക്കും മാമൻ
പാട്ടും പാടി പാറി നടക്കും
പക്ഷിക്കൂട്ടം
ചിലക്കൈകൾ നീളെ നിവർത്തി
നർത്തനമാടും പച്ച വിടർത്തും
കണികൾച്ചൂടും വൃക്ഷ തൈകൾ
കുന്നും മാലയും
കടലും കാടും കായലും
പലജാതി പൊരുളകൾ കൊണ്ട്
നിർമിതമാണീ പുണ്യ ഭൂമി
പുണ്യ ഭൂമി പുണ്യ ഭൂമി

*Suhana*



# പ്രകൃതിയാംബ

ഞാൻ ലോകത്തിൽ കണ്ട
വലിയ അത്ഭുതം എന്റെ
പ്രകൃതിയാംബ
ചെറുപ്പകാല സ്മരണകൾ
എൻ മനസ്സിൽ തെളിയുന്നു

ആഹാരം ഉണ്ണാൻ വാശി
കാട്ടിയപ്പോൾ അമ്മ കാട്ടി
ത്തന്ന വിസ്മയമാണ് അല-
കളാൽ താളംപിടിക്കുന്ന
വാനിൽ നിൽക്കുന്ന ചന്ദ്രനെ

കളിക്കാൻ കൂട്ടുകാരില്ലാത്തപ്പോൾ
തോട്ടത്തിലെ പൂവുകൾ സുഹൃത്തായി
കൂടെ വന്നു ഈ വേളയിൽ

എന്തിനി പ്രകൃതിയിൽ സൗന്ദര്യ
മയമായുള്ളതെല്ലാം വിസ്മയി-
പ്പിക്കുന്നു നിത്യം

Aishwarya M

# പ്രകൃതി സംരക്ഷണം ഉദ്ധരണികൾ

വർഷം തോറും ചൂട് കൂടി വരുന്നു

എന്ന പരാതി പറയുന്നവർ

വർഷത്തിൽ ഒരു തൈ നട്ടാൽ മതി

പ്രകൃതിയുടെ പച്ച വേഷം

മനുഷ്യന്റെ കത്തി വേഷം

പ്രകൃതിയോളം വികൃതി

മറ്റാർക്കുമില്ല

പ്രകൃതി അവളൊരു കുറുമ്പുകാരി

കാഴ്ച്ചകൾക്കു കുളിരേകും നാണക്കാരി

സൗന്ദര്യം നിറഞ്ഞാടിയ ചെറുപ്പക്കാരി

അവളാന്നുമെൻ പ്രിയ കൂട്ടുകാരി

*Madeena*

# പ്രകൃതിയുടെ നിലവിളി

പ്രകൃതിയാം അമ്മയെ ചൂഷണം ചെയ്യുന്ന

നാമെല്ലാം ആ അമ്മതൻ മക്കൾ

അലറിക്കരയുവാനാകാതെ ആ അമ്മ

ഓരോന്നോരോന്നായി  നശിക്കുന്ന

പച്ചമരങ്ങളാൽ മൂടിയ ആഗോളം

ഇന്നിതാ വെറുമൊരു ശൂന്യം

കണ്ടുറങ്ങിയ തീരങ്ങളിന്നിതാ

വറ്റിവരണ്ട നിലയിൽ താൻ

ഉള്ള തീരങ്ങളെ കോല്ലാൻ ശ്രമിക്കുന്നു

പിന്നെ കോല്ലാകോലയും

എന്തിനീ ക്രൂരത പെറ്റ നാടിനോട്

മനസാക്ഷിയോടോന്ന ചോദിക്കു

*Greeshma D R (9 D)*

# കടങ്കഥകൾ

1. അമ്മ കല്ലിലും മുള്ളിലും മകൾ കല്ല്യാണപ്പന്തലിലും

   ഉത്തരം : വാഴയും വാഴപ്പഴവും

2. ആയിരം പോലീസിന് ഒരു ബെൽറ്റ്

   ഉത്തരം : ചൂൽ

3. അച്ഛൻ മുള്ളൻ അമ്മ മിനു മിനു മകൾ മണി മണി

   ഉത്തരം : ചക്ക

4. പിടിച്ചാൽ ഒരു പിടി അരിഞ്ഞാൽ ഒരു മുറം

   ഉത്തരം :ചീര

5. അകം എല്ലു തോലും പുറം പൊന്തം പൊന്തം

   ഉത്തരം : വൈക്കോൽത്തുറു

6. ചട്ടിത്തലയൻ ചന്തയ്ക്കു പോയി

   ഉത്തരം :തണ്ണിമത്തൻ

7. അടി പാറ നടു വടി തല കാട്

   ഉത്തരം : ചേന

8. നീണ്ടു നീണ്ടു മാനം നോക്കിപ്പോകുന്ന പച്ചക്കുപ്പായക്കാരൻ

   ഉത്തരം :മുള

9. ഞാൻ ഉറങ്ങും പക്ഷെ കണ്ണടക്കില്ല

   ഉത്തരം : മീൻ

10. ജനനം ജലത്തിൽ സഞ്ചാരം വായുവിൽ

    ഉത്തരം :കൊതുക്

*Simi S (9 B)*

# പ്രശ്നോത്തരി

1. കേരളത്തിൽ ഏറ്റവും കൂടുതൽ നദികൾ കാണുന്ന ജില്ല?

   കാസർഗോഡ്

2. കേരളത്തിന്റെ സംസ്ഥാന വൃക്ഷം?

   തെങ്ങ്

3. ഇന്ത്യയിൽ ഹരിത വിപ്ലവത്തിന് തുടക്കം കുറിച്ച വർഷം?

   1966

4. ഇന്ത്യയിലെ ആദ്യ ജല മ്യൂസിയം ?

   കോഴിക്കോട്

5. ഇന്ത്യയിൽ ആകെ ജലത്തിൽ ശുദ്ധജലത്തിന്റെ ശതമാനം ?

   മൂന്നു ശതമാനം

6. 2018 ലോക പരിസ്ഥിതി ദിനത്തിന്റെ ആതിഥേയ രാജ്യം ?

   ഇന്ത്യ

7. പരിസ്ഥിതി സംരക്ഷണ നിയമം നിലവിൽ വന്ന വർഷം?

   1986

8. ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ പിതാവ് ?

   എം എസ് സ്വാമിനാഥൻ

9. ഇന്ത്യൻ പരിസ്ഥിതി ശാസ്ത്രത്തിന്റെ പിതാവ് ?

   മേധാപത്കർ

10. ലോക വന ദിനം ?

   മാർച്ച് 21

*Jaseena (9 B)*

# പ്രകൃതിയെസംരക്ഷിക്കാൻ ചെയ്യാവുന്ന  കാര്യങ്ങൾ

1. കമ്പോസ്റ്റ്  കുഴി  നിർമ്മിക്കുക.
2. പ്ലാസ്റ്റിക് കിറ്റുകൾ ഉപേക്ഷിക്കുക.
3. പുറത്തുപോകുമ്പോൾ കടലാസ്/തുണി സഞ്ചികൾ കയ്യിൽ കരുതുക.
4. വീട്ടിലെ ബൾബുകൾ മാറ്റിയിടുക.
5. സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുക.
6. പഴയ മൊബൈൽ ഫോണുകൾ പുനരുപയോഗിക്കുക
7.രാത്രിയിൽ കമ്പ്യൂട്ടറുകൾ ഓഫ് ചെയ്യുക
8. ഫ്രിഡ്ജ് വൃത്തിയായി സൂക്ഷിക്കുക
9. ഉപയോഗശ്ശൂന്യമായ വസ്തുകൾ കരകൗശല നിർമ്മാണം
10. റീസൈക്കിൾ ചെയ്യുക
11. സസ്യാഹാരം ശീലമാക്കുക
12. ജലസംരക്ഷണം

Shahana Beevi (9 B)

# Slogan

save our future
save our mother nature

Save Earth
Save our future

Save our nature
for next generation

Save our
Mother Nature

# Charming Nature

The natural beauty of the nature

has so much to say,

The beautiful cross roads and long ways,

The nature has its charm

Keep it, save and do not harm.

The nature will save us,

*When we keep them safe.*

# Mr. Pond

Once upon a time there was a forest. In that forest there was a small pond. All the living organisms in the forest called him 'Mr Pond'. He was so clear and pure. So all the water organisms lived inside Mr Pond. They lived there peacefully. During that time a new guest came to live in that Pond. Her name was cruelly snake. She spoiled Mr Pond. Mr Pond became sad. All organisms in the pond struggled. However they met the snake and asked, "why you spoil our Mr Pond?" She replied, "You don't know the real face of Mr Pond'. He is very cruel. He destroyed my eggs which I placed in the shore. Now I'm here to take revenge. All water animals were confused. They asked Mr. Pond. At that second Mr. Pond got angry and he pushed out all the organisms. And he replied "yes I spoiled her eggs and now I' am going to spoil you too". Fishes died. Another water animals like frog and crabs asked help to other organisms. They came and spoiled Mr Pond's clearness and purity and destroyed Mr Pond's. With the destroy of Mr Pond, all the organisms lived happily.

*Archana*

# MOTHER NATURE NEEDS US…..

If Just one person shine,
others will follow in the line.
As we board the green house train,
Will say good -bye to acid rain.
As we flight global warming,
well stand united as one.
All around the world,
A new day has began
were so afraid of pollution.
But we can find a brighter day,
Let’s work on the solutions.
So our children can play,
In pure clean water,
And skies above.

*MOTHER NATURE NEED US……….*

Amina Haifa

# Earth

The earth is so beautiful
The green and the blue
Full of trees and rivers
Full of birds and animals
In the gardens were the roses
In the sky full of birds
Trees full of fruits and leaves
Rivers full of fishes
Now,
The earth become dirty
The green go and blue dry
The things were missing
Were did all go
There is no roses
There is no birds
When will it back
*I don't know*

*Sana*

# PUZZLES

| | | | | | | | |
|---|---|---|---|---|---|---|---|
| T | R | E | E | W | O | N | M |
| A | C | W | A | T | E | R | A ` |
| P | B | D | F | I | J | O | U |
| L | Z | N | A | T | U | R | E |
| A | Y | W | E | N | S | O | X |
| N | F | L | O | W | E | R | P |
| T | E | T | H | J | L | A | O |

1.Water

2.Flower

3.Nature

4.Plant

*5.Tree*

*Archana*

# OUR NATURE

Nature is very important for human beings to survive. The beautiful and richness of nature is diverse. The words nature and natural are used for all things that are normally not made by humans. Nature is most beautiful and integral part of the earth. Nature is very colorful. Nature is our best friend which provide us all the resources to live here. We should protect our nature, make it peaceful, keep it clean and prevent from destruction. Nature is our precious gift given by god us to enjoy but not to harm. God created the beautiful nature of healthy life style. Look deep into the nature and you will understand everything better. If you truly love nature and you will see everything is beautiful. Study nature, love nature, stay close to nature. Nature is like our real mother.

Fathima M

# जल

मार्च  - 22

विश्व जल दिवस

जल है तो कल है

जल जीवन का आधार है

जल का इस्तेमाल सावधानी से करे

जल का दुरुपयोग न करें

पेड़ लगायें प्रदूषण रोके

प्रकृति की रक्षा करें

Farsana Fathima

# पोस्टर

पेड़ लगाओ

जीवन बचाओ

पेड़ काटना मत

विश्व वन दिन

मार्च

मुझे काटना मत

हम भी दुनिया की जान है

विश्व पर्यावरण दिवस

पर्यावरण की रक्षा

हमारी सुरक्षा

Surayyamol F

# प्रकृति : जीवन का आधार

प्रकृति इश्वर की वरदान है। प्रकृति में पेड़, नदियां , समुद् आदि चीज़ें है । पेड़ प्रकृति की जान है । पेड़ के बिना धरती में जीवन संभव नहीं है । पेड़ हमें फल , फूल , छायल आदि देथा है ।

आधुनिक युग में जंगल काटने के कारण देश में बारिश की कमी हो गयी । इसके अलावा पेड़ के बिना हमें शुद्ध वायु नहीं मिलती । प्रकृति संरक्षण हमारा कर्तव्य है । इसलिए हमें पेड़ लगाए प्रकृति की रक्षा करे ।

Afsana

# നന്ദി

നന്ദിയോടെ .................

ഇത് അവസാനമല്ല

ആവർത്തനമല്ല ...............

തിരിഞ്ഞു നോക്കുമ്പോൾ തെളിഞ്ഞു വരുന്ന

ഒരുപാട് ചിത്രങ്ങൾ ............

നന്ദിയും കടപ്പാടും ഒരുപാട്പേരോടാണ്

വഴികാട്ടിയവർ ................

വിയർപ്പൊഴുക്കിയ ഗുരുഭൂതർ ...........

ഓരോ താളുകളിലും പ്രവർത്തിച്ച

കൂട്ടായമ്കളോട്.......

എഴുതിയാൽ തീരാത്ത കടപ്പാട്,


മനസ്സിൽ സൂക്ഷിച്ച് കൊണ്ട്

ഒറ്റ വാക്കിൽ ഒതുക്കുന്ന "നന്ദി"

എന്ന രണ്ടക്ഷരങ്ങൾക്കുമപ്പുറം

ഹൃദയത്തിൻെറ

നേര്..................






Dersana